പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1767 — 14.7.2011 -ൽ മറുപടിക്ക്

## ജപ്പാൻജ്വരം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി |
| (എ) കാലവർഷത്തിനോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പകർച്ച വ്യാധികൾ വ്യാപകമാകുന്നതും മരണങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)കാലവർഷത്തിനോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പകർച്ച വ്യാധികൾ മൂലമുണ്ടായ മരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളറ, എച്ച്1 എൻ1 പനി, ജപ്പാൻജ്വരം എന്നീ രോഗങ്ങളാണ് പകർച്ചവ്യാധിയായി പ്രത്യക്ഷപ്പെട്ടത്. |
| (ബി) മൂന്ന് വർഷത്തോളമായി റിപ്പോർട്ട് ചെയ്യപ്പെടാതെ ജപ്പാൻ ജ്വരം പോലുള്ള രോഗങ്ങൾ കൊണ്ടുള്ള മരണം ഈ അടുത്ത മാസത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ജപ്പാൻ ജ്വരം പോലുള്ള രോഗങ്ങൾ ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലാണ് ഈ അടുത്ത മാസത്തിൽ കണ്ടുവന്നത്. ഈ രോഗത്തെ ചെറുക്കുന്നതിനു വേണ്ടി വിവിധ നിയന്ത്രണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. കൂടുതൽ രോഗികൾ ഉണ്ടോ എന്ന് വീടു വീടാന്തരം കയറി ഇറങ്ങി കണ്ടുപിടിച്ച് ആവശ്യമായ ചികിത്സ നൽകി വരുന്നു. കൊതുകു സാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, കൂത്താടി നശീകരണം, കൊതുകിന്റെ ഉറവിട നശീകരണം എന്നിവ നടത്തി വരുന്നു. തോടുകളിലും മറ്റു ജലാശയങ്ങളിലും കണ്ടുവരുന്ന ആഫ്രിക്കൻ പായൽപോലുള്ള ജലസസ്യങ്ങളെ നീക്കം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കളക്ടറുടെ നേതൃത്വത്തിൽ നീരൊഴുക്ക് തടസ്സമുള്ള തോടുകളിലെ തടസ്സം നീക്കാനുള്ള പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ